LIBRARY ARCHIVES Kerala Legislative Assembly

പറയഞ്ചേരി ഡ്രെയിനേജിന്റെ പണി പൂർത്തീകരിക്കാൻ നടപടി

294 [2351] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡിൽ പറയഞ്ചേരി ഭാഗത്തുള്ള ഡ്രെയിനേജിന്റെ പണി പൂർത്തീകരിക്കാത്തതുമൂലം മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഡ്രെയിനേജിന്റെ പണി പൂർത്തീകരിക്കുന്നതിന് കോടതിയുടെ 'സ്റ്റേ' നിലവിലുണ്ടോ;

(സി) സ്റ്റേ നിലവിലുണ്ടെങ്കിൽ അത് വെക്കേറ്റ് ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) സ്റ്റേ നിലവിലില്ലെങ്കിൽ പ്രസ്തുത ഡ്രെയിനേജിന്റെ പണി അടിയന്തിരമായി നടത്തി പൊതുജനങ്ങളുടെ പരാതിക്ക് പരിഹാരം കണ്ടെത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭാഗത്തുള്ള ഓടയുടെ നിർമ്മാണം സംബന്ധിച്ച് 15 ലക്ഷം രൂപയ്ക്ക് അടങ്കലുള്ള ഒരു പണി എർപ്പാട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ-പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുന്ന കടത്ത് കടവിൽ ഗവൺമെന്റ് കടത്ത് ഏർപ്പെടുത്തുന്നതിന് നടപടി

295 [2352] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ, പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുന്ന കരങ്ങാലിച്ചാൽ പുഞ്ചയിൽ ഏലിയാസ് നഗർ മുതൽ ചേരിക്കൽ രണ്ട്കുറ്റി കടവ് വരെയുള്ള ഏകദേശം മുക്കാൽ കിലോമീറ്റർ വരുന്ന കടത്ത് കടവിൽ ഗവൺമെന്റ് കടത്ത് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) യാത്രക്കാർക്ക് ആശ്വാസമേകുന്ന ഏലിയാസ് നഗർ–ചേരിക്കൽ രണ്ട്കുറ്റി ഗവൺമെന്റ് കടത്ത് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കടത്ത് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളുടെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പഞ്ചായത്തീരാജ് നിയമപ്രകാരം കടത്തുകൾ സംബന്ധിച്ച ചുമതലകൾ അതാത് പഞ്ചായത്തുകളാണ് നിർവ്വഹിക്കേണ്ടത്. അതിനാൽ പൊതുമരാമത്ത് വകുപ്പിൻകീഴിൽ ഇതു സംബന്ധിച്ച് യാതൊരുവിധ അപേക്ഷകളും നിലവിലില്ല.

ഫെറിമാൻമാരുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

296 [2353] ശ്രീ. ഷിബു ബേബിജോൺ:
,, കെ. കെ. ഷാജു:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഫെറിമാൻ (കടത്തുകാർ)-മാരുടെ ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വള്ളക്കുലി, യൂണിഫോം, ഹോളിഡേ അലവൻസ് തുടങ്ങിയ ഇവരുടെ വിവിധ ആവശ്യങ്ങളിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ജനങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ഗവൺമെന്റ് കടത്ത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഫെറിമാൻമാരുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.ഡബ്ല്യു.ഡി.-യിൽ അധികമുണ്ടെന്ന് കണ്ടെത്തിയ ഡ്രാഫ്സ്റ്റ്മാൻ തസ്തിക

297 [2354] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, പി. ടി. തോമസ്:
,, ഡി. സുഗതൻ:
,, എൻ. ശക്തൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 23-3-2002-ൽ സെക്രട്ടറിമാരുടെ സമിതി പി.ഡബ്ല്യു.ഡി.-യിൽ അധികമുണ്ടെന്ന് കണ്ടെത്തിയ 121 ഡ്രാഫ്സ്റ്റ്മാൻ തസ്തിക ഏതെല്ലാം ഓഫീസുകളിലെയാണെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly